**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 256** **22-06-2026-ൽ മറുപടിയ്ക്ക്**

**<u>കുപ്പിവെള്ളത്തിന്റെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിന് നടപടി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീമതി ഒ. എസ്. അംബിക

ശ്രീ. കെ. മുരളീധരൻ
(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്ത് മിനറൽ വാട്ടർ, പാക്കേജ് ഡ്രിങ്കിംഗ് വാട്ടർ എന്നിങ്ങനെ പല പേരുകളിലായി എത്തുന്ന കുടിവെള്ളത്തിന്റെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിന് വകുപ്പ് സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

**<u>മറുപടി:</u>** സംസ്ഥാനത്ത് മിനറൽ വാട്ടർ, പാക്കേജ്ഡ് ഡ്രിങ്കിംഗ് വാട്ടർ എന്നിവയുടെ ഗുണനിലവാരം ഉറപ്പു വരുത്തുന്നതിന് പാക്കേജ്ഡ് ഡ്രിങ്കിംഗ് വാട്ടർ നിർമ്മാണ യൂണിറ്റുകൾ, സംഭരണ കേന്ദ്രങ്ങൾ, വിതരണ ശൃംഖലയിലെ വാഹനങ്ങൾ എന്നിവയിൽ ഭക്ഷ്യ സുരക്ഷാ വകുപ്പ് പരിശോധനകൾ നടത്തുകയും ഇവിടങ്ങളിൽ നിന്നെല്ലാം വാട്ടർ സാമ്പിളുകൾ ശേഖരിച്ച് അതിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് ലബോറട്ടറികളിൽ പരിശോധന നടത്തുകയും ചെയ്യുന്നു.

2026 ജനുവരിയിൽ പാക്കേജ്ഡ് ഡ്രിങ്കിംഗ് വാട്ടറുമായി ബന്ധപ്പെട്ട് 712 പരിശോധനകൾ നടത്തുകയും, 659 സർവൈലൻസ് സാമ്പിൾ ശേഖരിക്കുകയും ചെയ്തു. പരിശോധന ഫലങ്ങളിൽ നിലവാര വ്യതിയാനം കണ്ടെത്തുന്ന സാഹചര്യങ്ങളിൽ ഭക്ഷ്യ സുരക്ഷ ഗുണനിലവാര നിയമം 2006 പ്രകാരം ആവശ്യമായ ശിക്ഷ നടപടികളും തിരുത്തൽ നടപടികളും സ്വീകരിക്കുന്നു.

മഴക്കാലത്ത് ജലജന്യ-ഭക്ഷ്യജന്യ രോഗങ്ങളുടെ സാധ്യത വർദ്ധിക്കുന്ന സാഹചര്യത്തിൽ "ഓപ്പറേഷൻ മൺസൂൺ" സ്പെഷ്യൽ ഡ്രൈവിന്റെ ഭാഗമായി പാക്കേജ്ഡ് ഡ്രിങ്കിംഗ് വാട്ടറിന്റെ നിർമ്മാണ യൂണിറ്റുകളിൽ പ്രത്യേക പരിശോധനകൾ നടത്താറുണ്ട്. പാക്കേജ്ഡ് ഡ്രിങ്കിംഗ് വാട്ടർ, മിനറൽ വാട്ടർ എന്നിവയുടെ ഗുണമേന്മ ഉറപ്പു വരുത്തുന്നതിനായി നിരന്തരമായ പരിശോധനകൾ, സാമ്പിൾ ശേഖരണം, ലബോറട്ടറി അനാലിസിസ്, നിയമ നടപടികൾ എന്നിവ നടത്തി വരുന്നു.

**സെക്ഷൻ ഓഫീസർ**